ലാബ് ടെക്നീഷ്യൻ ഗ്രേഡ് 2 തസ്തികയിലെ നിയമനം

52 (1791) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ജില്ലകളിലേയ്ക്ക് ലാബ് ടെക്നീഷ്യൻ ഗ്രേഡ് 2 തസ്തികയിലേയ്ക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിച്ച തീയതികൾ ഏതൊക്കെയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ലിസ്റ്റുകളിൽ നിന്നും അഡ്വൈസ് ചെയ്യപ്പെട്ടവർ, ഏറ്റവും ഒടുവിൽ അഡ്വൈസ് ചെയ്യപ്പെട്ട തീയതി എന്നിവയുടെ പട്ടിക ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(സി) പത്തനംതിട്ട ജില്ലയിലെ പ്രസ്തുത പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്ന് അവസാനിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) എത്ര തസ്തികകൾ ഒഴിവുള്ളതായാണ് ജില്ലാ മെഡിക്കൽ ആഫീസർ അറിയിച്ചിട്ടുള്ളത്; ഇതിലേയ്ക്ക് നിയമനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) നിയമനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് ഡി.എം.ഒ. യിൽ നിന്നും റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; നിയമനം വേഗത്തിലാക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ & ബി) മറുപടി അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഒരു തസ്തികയുടെ റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്ന് വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ഉദ്യോഗത്തിന് പുതിയ ഒരു റാങ്ക് ലിസ്റ്റ് നിലവിൽ വരുന്ന പക്ഷം പഴയ റാങ്ക് ലിസ്റ്റിന് പ്രാബല്യമില്ലാതാവും.

(ഡി) നിലവിൽ പത്തനംതിട്ട ജില്ലയിൽ ലാബ് ടെക്നീഷ്യൻ തസ്തികയിൽ ഒഴിവുകൾ ഇല്ല.

(ഇ) തസ്തികകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനാവശ്യമായ റിപ്പോർട്ട് പത്തനംതിട്ട ഡി.എം.ഒ. യിൽനിന്നും ലഭ്യമായതുപ്രകാരം പ്രസ്തുത ജില്ലയിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ് 2-ന്റെ 51 തസ്തികകൾ അടക്കം സംസ്ഥാനത്തൊട്ടാകെ 667 തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly